# അക്കാദമിക

# മാസ്റ്റർപ്ലാൻ




**2025-26**

## അത്താഴക്കുന്ന് മാപ്പിള എൽ പി സ്കൂൾ

Scanned with CamScanner

# ആമുഖം

കണ്ണൂർ കോർപ്പറേഷനിൽ പുഴാതി സോണലിൽപ്പെട്ട അത്താഴക്കുന്നിൽ സ്ഥിതിചെയ്യുന്ന അത്താഴക്കുന്ന് മാപ്പിള എൽ.പി സ്കൂൾ ജമാഅത്ത് കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള മാനേജ്മെന്റ് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നു. 1927 മുതൽ സ്കൂൾ ആരംഭിച്ചെങ്കിലും 1929 മുതലാണ് സ്കൂളിന് അംഗീകാരം ലഭിച്ചത്. ഒന്നുമുതൽ നാലാംക്ലാസ് വരെയുള്ള നമ്മുടെ സ്കൂളിൽ ഓരോ ക്ലാസും രണ്ടു ഡിവിഷനുകളുണ്ട്. ഒരു ഹെഡ്മിസ്ട്രസും ഏഴ് സഹഅധ്യാപകരും രണ്ട് അറബി അധ്യാപകരും ഇപ്പോൾ സ്കൂളിലുണ്ട്. ആകെ 183 കുട്ടികൾ ഈ വർഷം സ്കൂളിൽ പഠിക്കുന്നുണ്ട്. സമഗ്രഗുണമേന്മ വർഷം എല്ലാകുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നു. മികച്ച ഭൗതിക സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന നമ്മുടെ വിദ്യാലയം പാഠ്യപ്രവർത്തനങ്ങളിലും പാഠ്യേതരപ്രവർത്തനങ്ങളിലും പുഴാതിസോണലിൽ മുന്നിട്ടുനിൽക്കുന്നു. എല്ലാ വർഷവും പുഴാതിസോണലിൽ ഏറ്റവും കൂടുതൽ എൽ.എസ്.എസ് നേടുന്നത് നമ്മുടെ വിദ്യാലയമാണ്. സ്കൂളും പരിസരവും വൃത്തിയോടെ സംരക്ഷിക്കുന്നു. സ്കൂളിന്റെ പുരോഗതിക്ക് വേണ്ടിപ്രയത്നിക്കുന്ന ചെറുപ്പക്കാരായ അധ്യാപകരും, സേവന സന്നദ്ധരായ പി.ടി.എയും മാനേജ്മെന്റ് കമ്മിറ്റിയും, പൂർവ്വവിദ്യാർഥികളും ചേർന്ന് നമ്മുടെ വിദ്യാലയത്തെ മികച്ച വിദ്യാലയമാക്കാൻ സഹായിക്കു

Scanned with CamScanner

# പൊതുലക്ഷ്യങ്ങൾ

* ഓരോ കുട്ടിയും അതതു ക്ലാസിൽ നേടേണ്ട പഠന നേട്ടങ്ങൾ നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക
* നാലാം ക്ലാസ് പഠനം കഴിഞ്ഞുപോകുന്ന മുഴുവൻ കുട്ടികളും മലയാളം, ഇംഗ്ലീഷ്, അറബി എന്നീ ഭാഷകൾ വായിക്കാനും, എഴുതുവാനും സംസാരിക്കുവാനും ഉള്ള ശേഷി നേടുക
* ശാസ്ത്രഗണിതശാസ്ത്ര വിഷയങ്ങളിൽ എല്ലാ അടിസ്ഥാന ശേഷികൾക്കും അടിത്തറ ഉണ്ടാക്കുക
* കമ്പ്യൂട്ടറിൽ പ്രാഥമിക പരിജ്ഞാനം നേടുക
* കലാകായിക പ്രവൃത്തി പരിചയ വിഷയങ്ങളിൽ അഭിരുചി ഉണ്ടാക്കുകയും അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹനം നൽകുകയും ചെയ്യുക
* ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ലഹരിവിമുക്തം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കുക
* കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിനും പ്രകൃതിയുമായി കൂടുതൽ ഇടപഴകുന്നതിനും വേണ്ടി പച്ചക്കറിത്തോട്ടവും പൂന്തോട്ടവും വിപുലപ്പെടുത്തുക.
* നല്ല ശീലങ്ങൾ, അച്ചടക്കം, ബഹുമാനം എന്നിവ കുട്ടികളിൽ വളർത്തിയെടുക്കുക.
* ഗെയിമുകൾ, ലഘുവ്യായാമങ്ങൾ, കളികൾ, സുംബ ഡാൻസ്, വ്യക്തിശുചിത്വം എന്നിവയിൽ പ്രാഥമികമായ അറിവ് നേടുക.

Scanned with CamScanner

അക്കാദമിക മാസ്റ്റർപ്ലാനുപ്രകാരം ഈ വർഷം ഏറ്റെടുത്തു നടത്തുന്ന പ്രവർത്തനങ്ങൾ :-

1. പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ഭാഷ വായിക്കാനും എഴുതുവാനും ഗണിതശേഷികൾ കൈകാര്യം ചെയ്യാനും വേണ്ട പ്രത്യേക പരിശീലനം
2. ഇംഗ്ലീഷ് ഭാഷ പരിപോഷണം
3. സചിത്ര പാഠങ്ങളും, വായനാ സാമഗ്രികളും, പഠനോപകരണങ്ങളും നിർമ്മിക്കാനുള്ള ശില്പശാലകൾ
4. അസംബ്ലി മെച്ചപ്പെടുത്തൽ
5. പൂന്തോട്ടം, പച്ചക്കറിത്തോട്ടം
6. ലൈബ്രറി ശാക്തീകരണം, ക്ലാസ് ലൈബ്രറി വിപുലീകരണം
7. ICT പഠനം മെച്ചപ്പെടുത്തൽ
8. മാലിന്യസംസ്കരണം, പ്ലാസ്റ്റിക് വിമുക്ത സ്കൂൾ, ലഹരി വിമുക്തം
9. L.S.S പരിശീലനം
10. ലളിതം സുന്ദരം – ശാസ്ത്ര പരീക്ഷണം
11. ദിനാചരണങ്ങൾ പട്ടികപ്പെടുത്തി വേണ്ട രീതിയിൽ നടപ്പാക്കൽ
12. പഠനയാത്ര, ഫീൽഡ് ട്രിപ്പ്
13. എല്ലാമാസവും കൃത്യമായി CPTA വിളിച്ചുചേർക്കുക

Scanned with CamScanner

14 - എല്ലാ മാസവും യൂണിറ്റ് ടെസ്റ്റ് നടത്തി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകപരിശീലനം നൽകി അവരെ മുന്നിലെത്തിക്കുക -

15- പഠനാവർത്തനം- വായിക്കൽ, എഴുതൽ

# ആക്ഷൻ പ്ലാൻ

1- പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പ്രത്യേകപരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഭാഷാപരവും ഗണിതപരവുമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രിടെസ്റ്റ് ഭാഷ<br>2. തിരഞ്ഞെടുത്ത കുട്ടികൾക്ക് പ്രത്യേക ക്ലാസ്<br>3. അക്ഷരം ഉറപ്പിക്കൽ<br>· മണലിലെഴുത്ത്<br>· അക്ഷരകാർഡ്<br>· ICT ഉപയോഗിച്ച്<br>· അക്ഷര മരം<br>4. ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>· ആഭരണം അണിയാം<br>· ചിഹ്നചാർട്ട്<br>· ചിഹ്നപോക്കറ്റ്<br>· പദകാർഡ്<br>മലയാളത്തിളക്കം,<br>5. സ്വതന്ത്രവായന<br>· പദകാർഡ്<br>· വായനകാർഡ്<br>· ക്ലാസ് ലൈബ്രറി<br>· ഓൺലൈൻവായന<br>· പത്രവായന<br>വിവിധ വ്യവഹാരരൂപങ്ങൾ പരിചയപ്പെടൽ | ജൂൺ- ഫെബ്രുവരി | അജിതടീച്ചർ<br>ക്ലാസ് ടീച്ചർ |
| ഗണിതപഠനത്തിൽ അഭിരുചി വളർത്തൽ | ഗണിതം: രസിക്കാം പഠിക്കാം<br>സംഖ്യകൾ എഴുതുവാനും പറയുവാനും പരിശീലനം നൽകൽ - സംഖ്യാകാർഡ്, സമയങ്ങൾ എണ്ണി എഴുതൽ, എണ്ണം പറയാം<br>ICT ഉപയോഗം,<br>സ്ഥാനം ഉറപ്പിക്കൽ - അബാക്കസ്, സ്ഥാനവിലപോക്കറ്റ് - - -<br>പ്രായോഗികപ്രശ്നങ്ങൾക്ക് ചിന്തയിലും കളികളിലൂടെയും മനക്കണക്കുകളും പ്രവർത്തനങ്ങൾ ചെയ്യുന്നു. | ജൂൺ - ഡിസംബർ | ക്ലാസ്ടീച്ചർ<br>,, |

Scanned with CamScanner

## 2. ഇംഗ്ലീഷ് ഭാഷാ പരിപോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷ വായിക്കാനും സംസാരിക്കുവാനും കഴിവ് നേടുക | ഇംഗ്ലീഷ് ക്ലാസുകളിൽ ഇംഗ്ലീഷ് മാത്രം ഉപയോഗിക്കുക<br>എല്ലാ ദിവസവും ഇംഗ്ലീഷ് സ്പെല്ലിംഗ് പരിശോധനമത്സരം<br>ഒഴിവു സമയങ്ങളിൽ ഇംഗ്ലീഷ് കഥകളും പാട്ടുകളും ICT ഉപയോഗിച്ച് കേൾപ്പിക്കൽ<br>ഇംഗ്ലീഷ് ടെസ്റ്റ് നടത്തുക<br>ഇംഗ്ലീഷ് വായനകാർഡുകളും ഇംഗ്ലീഷ് ലൈബ്രറിയും ഒരുക്കൽ<br>ഇംഗ്ലീഷ് അസംബ്ലി<br>ഹലോ ഇംഗ്ലീഷ് | ജൂൺ - ഫെബ്രുവരി | ക്ലാസ് ടീച്ചർ |
| **3. പഠനോപകരണ ശില്പശാല, ക്ലാസ് പിടിഎ** | | | |
| രക്ഷിതാക്കളെ സ്കൂൾ പ്രവർത്തനങ്ങളിൽ പങ്കാളിയാക്കുക | എല്ലാമാസവും ക്ലാസ് PTA നടത്തുക.<br>ഒന്ന്, രണ്ട് ക്ലാസുകളിലേക്ക് ആവശ്യമായ വായനാസാമഗ്രികളും പഠനോപകരണങ്ങളും സചിത്രപാഠങ്ങളും രക്ഷിതാക്കളും ശില്പശാലകളിൽ വെച്ച് നിർമ്മിക്കുന്നു. ക്ലാസ് PTA നടത്തി ഓരോ ക്ലാസുകാരും അതാത് മാസങ്ങളിൽ ആവശ്യമായ വായനാകാർഡുകൾ, പഠനോപകരണങ്ങൾ എന്നിവ നിർമ്മിക്കുന്നു. | എല്ലാ മാസവും | ക്ലാസ് ടീച്ചർ<br>CPTA |
| **4. ICT** | **പഠനം മെച്ചപ്പെടുത്തൽ** | | |
| എല്ലാകുട്ടികളും കമ്പ്യൂട്ടർ പരിജ്ഞാനം നേടൽ | ഓരോ ക്ലാസിനും ആഴ്ചയിൽ രണ്ടു പിരിയഡ് IT ക്ക് നൽകി എല്ലാകുട്ടികളെയും കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കാനും അത് ഉപയോഗിച്ച് പ്രവർത്തനങ്ങൾ ചെയ്യാനും പരിശീലിപ്പിക്കുക | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |

Scanned with CamScanner

## 5. ലളിതം സുന്ദരം – ശാസ്ത്ര പരീക്ഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചി വളർത്തൽ | 3,4 ക്ലാസുകളിൽ പരീക്ഷണശാല ഒരുക്കി ആഴ്ചയിൽ ഒരു പരീക്ഷണം കാണിക്കുന്നു. പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ക്ലാസ് റൂമുകളിൽ കാണിക്കുന്നു | ജൂൺ – മാർച്ച് | ക്ലാസ് ടീച്ചർ |
| 6. പഠനയാത്ര ഫീൽഡ് ട്രിപ്പ് | ഓരോ ക്ലാസും പാഠഭാഗവുമായി ബന്ധപ്പെട്ട വ്യത്യസ്ത ഫീൽഡ് ട്രിപ്പുകളും പഠനയാത്രകളും നടത്തുന്നു. | | ക്ലാസ് ടീച്ചർ |
| 7. അസംബ്ലി മെച്ചപ്പെടുത്തൽ അച്ചടക്കം, നല്ല ശീലങ്ങൾ വളർത്തുന്ന | ഓരോ ക്ലാസുകാരും അസംബ്ലി നടത്തുന്ന വാരം, വിവിധ ഭാഷകളിലുള്ള അസംബ്ലി ഇങ്ങനെ വിവിധങ്ങളായ പരിപാടിയോടെ അസംബ്ലി നടത്തുന്നു. | | |
| 8. പൂന്തോട്ടം, പച്ചക്കറിത്തോട്ടം കാർഷിക സംസ്കാരം വളർത്താനും പ്രകൃതിയുമായി കൂടുതൽ ഇണങ്ങാനും | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ഗ്രോബാഗിൽ പച്ചക്കറിത്തോട്ടം, പൂന്തോട്ടം രക്ഷിതാക്കളുടെയും കുട്ടികളുടെയും സഹായത്തോടെ നിർമ്മിക്കുന്നു. | സെപ്റ്റംബർ – മാർച്ച് | PTA ടീച്ചർ |
| 9. ദിനാചരണങ്ങൾ. സാമൂഹിക ബോധം ഉണ്ടാക്കാൻ | ഈ വർഷം നടത്തേണ്ട ദിനാചരണങ്ങൾ SRG യിൽ തീരുമാനിച്ച് ഓരോ ക്ലാസുകാർ തങ്ങളെ ഉൾപ്പെടുത്തി നടത്തുന്നു. | ജൂൺ – മാർച്ച് | PTA Staff |

# LSS പരിശീലനം

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 10 | LSS സ്കോളർഷിപ്പ് നേടാനുള്ള കഴിവ് ഉണ്ടാക്കുക | പാദവാർഷിക പരീക്ഷകളിൽ A ഗ്രേഡ് നേടിയ കുട്ടികൾക്ക് പ്രത്യേക LSS പരിശീലനം നൽകൽ | ഒക്ടോ - ഫെബ്രുവരി | ടീച്ചർ |
| 11. | ലൈബ്രറി വിപുലീകരണവും വായനയും | സ്കൂൾ ലൈബ്രറിയിലേക്കും ക്ലാസ് ലൈബ്രറിയിലേക്കും പുസ്തകങ്ങൾ കുട്ടികൾക്ക് വിതരണം ചെയ്ത് വായനാശീലം വളർത്തുകയും വായനക്കുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു. | ജൂൺ - മാർച്ച് | ഷക്കില [illegible]<br>ക്ലാസ് ടീച്ചർ |
| 12. | പ്ലാസ്റ്റിക് രഹിത സ്കൂൾ | സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു. പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മസേനക്ക് നൽകൽ, ബോധവത്ക്കരണ ക്ലാസ് എന്നിവ നടത്തുന്നു. | ജൂൺ - മാർച്ച് | സ്റ്റാഫ്, PTA |
| 13. | ലഘുവ്യായാമങ്ങൾ, നൃത്തം, ഡാൻസ് വിവിധതരം ഗെയിമുകൾ എന്നിവയുടെ പരിശീലനം | ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ PET പീരിയഡ് ലഘുവ്യായാമങ്ങൾ, സുംബ ഡാൻസ്, ഗെയിമുകൾ എന്നിവയുടെ പരിശീലനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| 14. | പഠനകാര്യങ്ങളിലും സ്കൂൾ പ്രവർത്തനങ്ങളിലും രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ | എല്ലാ മാസങ്ങളിലും കൃത്യമായി CPTA വിളിച്ചുചേർത്ത് പഠനകാര്യങ്ങൾ ചർച്ചചെയ്യുക. സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ രക്ഷിതാക്കൾക്കും മത്സരപരിപാടികൾ നടത്തുക. വാട്സ് ആപ്പ് ഗ്രൂപ്പുകളിൽ സജീവമായി പങ്കെടുക്കുക | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |

Scanned with CamScanner

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- | --- |
| 15. എല്ലാകുട്ടികളും പഠനേട്ടം നേടി എന്ന് ഉറപ്പുവരുത്തുക. | ഓരോ യൂണിറ്റ് കഴിയുമ്പോഴും യൂണിറ്റ് ടെസ്റ്റ് നടത്തി 30% ത്തിൽ കുറവ് മാർക്ക് നേടിയ കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നല്കുക | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| പത്രവായന - പ്രോത്സാഹിപ്പിക്കുക | എല്ലാദിവസവും വൈകുന്നേരം പത്രവാർത്തയിൽ നിന്ന് ക്വിസ് ചോദ്യങ്ങൾ നൽകി വിജയിയെ കണ്ടെത്തൽ | ജൂൺ - മാർച്ച് | ജൂലൈ മാർ |
| | പത്രവാർത്ത എല്ലാദിവസവും എല്ലാക്ലാസുകളിലും 10 മിനുട്ട് രാവിലെ നടത്തുക പ്രധാന വാർത്തകളെ ക്കിലൂടെ കുട്ടികൾ വായിക്കുക | എല്ലാ ദിവസവും | ക്ലാസ് ടീച്ചർ |

Scanned with CamScanner